മെട്രോ വാർത്ത

24-01-2018

# പോഷകാഹാരക്കുറവ് ഗുരുതര പ്രശ്നമായി തുടരുന്നു: ഡോ.മഞ്ജു ശർമ

കൊച്ചി: പോഷകാഹാരക്കുറവ് ഇന്ത്യയിൽ ഇന്നും ഗുരുതര പ്രശ്നമായി തുടരുകയാണെന്ന് കേന്ദ്ര ബയോടെക്നോളജി വകുപ്പ് മുൻ സെക്രട്ടറിയും പത്മഭൂഷൺ ജേതാവുമായ ഡോ. മഞ്ജു ശർമ ഗ്രാമപ്രദേശങ്ങളിൽ കുട്ടികളനുഭവിക്കുന്ന പോഷകാഹാരക്കുറവ് പരിഹരിക്കാൻ കൂട്ടായ ശ്രമം വേണം. 21 ലക്ഷം കുട്ടികൾ ഇന്ത്യയിൽ പോഷകാഹാരക്കുറവ് മൂലം മരണമടയുന്നുവെന്നത് ഗൗരവമായി കാണണമെന്നും അവർ പറഞ്ഞു. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) സംഘടിപ്പിക്കുന്ന വിന്റർ സ്കൂൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.

ഇത് പരിഹരിക്കുന്നതിന് രാജ്യാന്തര സഹകരണത്തോടെയും സാമൂഹിക ശാസ്ത്രജ്ഞരെ ഉൾപ്പെടുത്തിയും ഗവേഷണ-വികസന പദ്ധതികൾ ആവിഷ്കരിക്കണം. ഗ്രാമപ്രദേശങ്ങളിൽ സ്ത്രീകളെക്കൂടി പങ്കെടുപ്പിച്ച് പരിശീലനങ്ങളും ബോധവത്കരണവും വേണം. കർഷകർക്ക് ഗുണകരമാകുന്ന രീതിയിലുള്ള ജനകേന്ദ്രീകൃത വികസന പദ്ധതികളാണ് രാജ്യത്തിന് വേണ്ടത്. കാർഷിക മേഖലയിൽ സ്ത്രീസാന്നിധ്യം ഉറപ്പ് വരുത്തിയാൽ മാത്രമേ ഗ്രാമീണതലങ്ങളിൽ പുരോഗതിയുണ്ടാകൂ. സ്വകാര്യ വ്യാവസായിക സ്ഥാപനങ്ങളുമായി ചേർന്നു ഗ്രാമീണതലങ്ങളിൽ സംയുക്ത വികസന പദ്ധതികൾ നടപ്പിലാക്കണം.

ഹരിത വിപ്ലവത്തിന് ശേഷം ജനിതക വിപ്ലവമാണ് ഇപ്പോൾ ഇന്ത്യയിൽ നടക്കുന്നത്. ജനിതകമാറ്റം വരുത്തിയ പരുത്തിയുടെ വികസനം ഇന്ത്യൻ കാർഷിക മേഖലയിൽ വൻ മാറ്റമാണ് ഉണ്ടാക്കിയതെന്ന് പ്രസ്തുത കാലയളവിൽ കേന്ദ്ര ബയോടെക്നോളജി വകുപ്പ് സെക്രട്ടറിയായിരുന്ന ഡോ .മഞ്ജു ശർമ പറഞ്ഞു. ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനും പാർശ്വഫലങ്ങൾ കുറയ്ക്കുന്നതിനും പഠനങ്ങൾ നടത്തണമെന്നും അവർ പറഞ്ഞു.

സിഎംഎഫ്ആർഐ ഡയറക്റ്റർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. മറൈൻ ബയോടെക്നോളജി വിഭാഗം മേധാവി ഡോ. പി. വിജയഗോപാൽ, സീനിയർ സയന്റിസ്റ്റ് ഡോ. കാജൽ ചക്രവർത്തി എന്നിവർ സംസാരിച്ചു.